
# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ പാദ്രെപിയോ




### ഫോർജിയോനെ കുടുംബം

ദക്ഷിണ ഇറ്റലിയിലെ "പിയത്രെൾചിനാ" എന്ന കുഗ്രാമം. അവിടുത്തെ ഒരു കർഷകകുടുംബമായിരുന്നു. ഫോജിയോനെ കുടുംബം. ആ ഭവനത്തിലെ സത്യസന്ധനും ദൈവഭക്തനുമായ മനുഷ്യനായിരുന്ന ഗ്രാസിയോ. ഒരു ദരിദ്രകർഷക കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. സാമ്പത്തികമായി വളരെയേറെ വിഷമിച്ചായിരുന്നു അവർ ജീവിച്ചത്. ഗ്രാസിയോയുടെ ജീവിതപങ്കാളിയായിരുന്നു ജ്യൂസെപ്പ. അവൾ ദൃഢചിത്തയും പ്രസന്നവതിയും പക്വതയുമുള്ള ഒരു സ്ത്രീയായിരുന്നു. കർമ്മലമാതാവിന്റെ സ്തുതിക്കായി അവൾ എല്ലാ ബുധൻ, വെള്ളി, ശനി ദിവസങ്ങളിൽ മാംസവർജ്ജനം നടത്തിയിരുന്നു. ഈ ദമ്പതികൾ എല്ലാ ദിവസവും വി. കുർബ്ബാനയിൽ സംബന്ധിക്കുകയും വീടിന് സ്ഥലമില്ലാത്തതിനാൽ അടുക്കളയിൽ ഒരുമിച്ചുകൂടി ജപമാല ചൊല്ലുകയും ചെയ്തിരുന്നു.

### ഫ്രാൻസിസിന്റെ ജനനം

1887 മെയ് 25 ഗ്രാസിയോയുടെയും ജ്യൂസെപ്പായുടെയും രണ്ടാമത്തെ പുത്രനായി പാദ്രെ പിയോ ജനിച്ചു. പിറ്റേ ദിവസം തന്നെ മാതാപിതാക്കൾ കുട്ടിയെ മാലാഖമാരുടെ രാജ്ഞിയുടെ ദേവാലയത്തിൽ കൊണ്ടുപോയി മാമ്മോദീസാ നൽകി. ഫ്രാൻസിസ് അസ്സിസിയോട് ജ്യൂസെപ്പായ്ക്കുണ്ടായിരുന്ന പ്രത്യേക ഇഷ്ടത്താൽ അവർ കുഞ്ഞിന് ഫ്രാൻസിസ് എന്ന പേരിട്ടു. ഇറ്റലിയിലെ ബെനവെന്തോയ്ക്ക് ഏകദേശം അറുനൂറ് മൈൽ വടക്കുമാറി സ്ഥിതിചെയ്യുന്ന ഗ്രാമമാണ് പിയെത്രെൾചിനാ. ഈ ദരിദ്രഗ്രാമത്തിന് ബാഹ്യലോകവുമായുള്ള ഏകബന്ധം ഒരു കഴുതച്ചാൽ മാത്രമായിരുന്നു. തികച്ചും ഒറ്റപ്പെട്ട സ്ഥലം. ജനസംഖ്യയും വളരെ കുറവായിരുന്നു. പ്രകൃതിയുടെ സൗന്ദര്യവിശേഷണങ്ങളെയും തനിക്കു ചുറ്റുംജീവിക്കുന്ന സാധാരണക്കാരായ ജനങ്ങളെയും ഫ്രാൻസിസ് വളരെയധികം സ്നേഹിച്ചു. സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും അന്തരീക്ഷത്തിലാണ് ഫ്രാൻസിസ് വളർന്നത്. ചെറുപ്പം മുതൽ അനുസരണം അവൻ ശീലിച്ചു. കുഞ്ഞുനാളിൽതന്നെ കളികളെക്കാളുപരി പ്രാർത്ഥനയ്ക്കും ധ്യാനത്തിനും താല്പര്യം കാണിച്ചു. രാവിലെയും വൈകുന്നേരവും മാലാഖമാരുടെ രാജ്ഞിയുടെ പള്ളിയിൽപോയി അല്പസമയം പ്രാർത്ഥിക്കുക എന്നത് അവന്റെ ഒരു ശീലമായിരുന്നു.

### കുഞ്ഞുമനസ്സിലെ വൈദികമോഹം

കേവലം അഞ്ചുവയസ്സുള്ളപ്പോൾത്തന്നെ വൈദികനാകാനുള്ള ആഗ്രഹം അവൻ പ്രകടിപ്പിച്ചു തുടങ്ങി.

കുഞ്ഞുനാളിൽത്തന്നെ മറ്റുള്ളവരുടെ പാപങ്ങൾക്ക് പരിഹാരമായി പ്രായശ്ചിത്തപ്രവൃത്തികളും ആരും പറഞ്ഞുകൊടുക്കാതെതന്നെ ചെയ്യുതുടങ്ങി. അവന് ഒൻപതുവയസ്സായിരിക്കേ വെറും തറയിൽ ഒരു ഇഷ്ടിക തലയിണയാക്കി കിടന്നുറങ്ങുന്നതു കണ്ട് അവന്റെ അമ്മ ആശ്ചര്യപ്പെട്ടു. ഈ തപശ്ചര്യകളും, ഭക്തിയും ഫ്രാൻസിസ് അഭ്യസിച്ചത് മാതാപിതാക്കളിൽനിന്നു തന്നെയായിരുന്നു. പിയെത്രെൾചിനായിൽ നിത്യേനെയെന്നോണം കണ്ടുപോന്ന ദുഃഖദുരിതങ്ങളിൽ ആ കുഞ്ഞു മനസ്സ് ഏറെ വേദനിച്ചിരുന്നു.

## പ്രൈമറി വിദ്യാഭ്യാസം

ബെനോവെന്തോ രൂപതയിൽ അന്നാകെ അഞ്ച് ഇടവക സ്കൂളുകൾ മാത്രമാണ് ഉണ്ടായിരുന്നത്. കുട്ടികൾ നിറഞ്ഞു കവിഞ്ഞ സ്കൂളുകൾ വർദ്ധിച്ച നിരക്ഷരതയ്ക്കു വഴിതെളിച്ചു. അധ്യാപകരും വളരെ കുറവായിരുന്നു. തങ്ങളുടെ മകനെ സെമിനാരിയിൽ വിടണമെങ്കിൽ നല്ല വിദ്യാഭ്യാസമുണ്ടാകണം. അതിന് സ്കൂളിലെ സംവിധാനങ്ങൾ മതിയാകുമായിരുന്നില്ല. അതിന് പ്രത്യേക ട്യൂഷൻ വേണം. ഒപ്പം പണവും. ഫ്രാൻസിസിന്റെ തീക്ഷ്ണമായ ആഗ്രഹം മനസ്സിലാക്കിയ പിതാവ് മകന് സ്വകാര്യ ട്യൂഷൻ നല്കുവാൻ തീരുമാനിച്ചു. അതിനായി അദ്ദേഹം പണസമ്പാദനത്തിന് അമേരിക്കലേയ്ക്കു പോയി. അവിടെ റെയിലിൽ ചെറിയ ഒരുജോലി കിട്ടി. ആറുവർഷം ആദ്യതവണ അവിടെ ജോലിചെയ്തു. കഠിനാദ്ധ്വാനം ചെയ്തും പട്ടിണി കിടന്നും സമ്പാദിക്കുന്ന തുകയിൽ ഒൻപതു ഡോളർ ആഴ്ചതോറും വീട്ടിലേക്ക് അയച്ചുകൊടുത്തു. വൈദികവൃത്തി ഉപേക്ഷിച്ച് കുടുംബജീവിതം നയിച്ച് വരികയായിരുന്ന ഡൊമിനിക്കോ ടിസ്സാനിയിൽ നിന്നാണ് ഫ്രാൻസിസ് തന്റെ പ്രൈമറി വിദ്യാഭ്യാസം ആരംഭിച്ചത്. പത്താമത്തെ വയസ്സിൽ പഠനമാരംഭിച്ച ഫ്രാൻസിസ് രണ്ടു വർഷംകൊണ്ട് പ്രൈമറി സ്കൂൾ പഠനം പൂർത്തിയാക്കി. പ്രത്യേക കാരണങ്ങളാൽ ഫ്രാൻസിസിന് അദ്ദേഹത്തിന്റെ അടുത്ത് പഠനം തുടരാൻ സാധിച്ചില്ല. മകന്റെ മാനസികാവസ്ഥ മനസ്സിലാക്കിയ പിതാവ് അവനെ ആഞ്ചലോ കക്കാവോ എന്ന അല്മായന്റെ സ്കൂളിൽ ചേർത്തു. അവിടെവച്ച് ലത്തീൻ, ഇറ്റാലിയൻ ഭാഷാ വ്യാകരണം, കണക്ക് എന്നിവ പഠിച്ചു. അങ്ങനെ 1902ൽ വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി.

## കപ്പൂച്ചിൻ സഭയിലേക്ക്

അവൻ സെമിനാരിയിൽ ചേരാൻ തീരുമാനിച്ചു. അതിനായി പ്രാർത്ഥിച്ചു. തിരഞ്ഞെടുത്തത് കപ്പൂച്ചിൻ സഭയാണ്. 1903 ജനുവരി ആറിന് മാർക്കോണയിലുള്ള കപ്പൂച്ചിൻ നൊവിഷ്യേറ്റിൽ പ്രവേശിച്ചു. പിയെത്രെൾചിനായിൽ നിന്ന് ഇരുപത്തഞ്ചുമൈൽ അകലെയായിരുന്നു മാർക്കോണ.

## പിയോ എന്ന പേര് സ്വീകരിക്കുന്നു

സഭയിലെ നിയമപ്രകാരമുള്ള ധ്യാനത്തിനുശേഷം ജനുവരി ഇരുപത്തിരണ്ടിന് ഫ്രാൻസിസിന് നോവീസിന്റെ വസ്ത്രം നൽകപ്പെട്ടു. അന്ന് ഫ്രാൻസിസ് എന്ന പേരു മാറ്റി പിയോ എന്ന പേര് സ്വീകരിച്ചു. കുടുംബപേരിന് പകരം ജന്മനാടിന്റെ പേരും. തിരുപ്പട്ടസ്വീകരണംവരെ ബ്രദർ പിയോ പിയെത്രെൾചിനാ എന്നാണറിയപ്പെട്ടിരുന്നത്. പരിശീലനകാലഘട്ടത്തിൽ അനുസരണത്തിലും വിധേയത്വത്തിലും ആത്മസംയമനം കാണിക്കുന്നതിലും ഈ വൈദികവിദ്യാർത്ഥി മുൻപന്തിയിലായിരുന്നു. നൊവിഷ്യേറ്റ് വർഷാവസാനത്തിൽ പിയോ പ്രഥമവ്രതവാഗ്ദാനം നടത്തി.

## നിത്യവ്രത സ്വീകരണം

1904-ൽ പട്ടണത്തിൽ നിന്ന് ഒറ്റപ്പെട്ടു നിൽക്കുന്ന വി. ഏലിയാ പിയസ്സിനി എന്ന ആശ്രമത്തിലേക്ക് അയയ്ക്കപ്പെട്ടു. 1907-ൽ അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ നിയമാവലിപ്രകാരം ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങൾ നിത്യമായി സ്വീകരിച്ചു. തുടർന്ന് പ്രവിശ്യയിലെ പല ഭവനങ്ങളിൽ നിന്നായി ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി. 1908-ൽ ബെനവെണോ കത്തീഡ്രലിൽവച്ച് ആദ്യപട്ടങ്ങൾ സ്വീകരിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം സബ്ഡീക്കൻ പട്ടവും. ഈ കാലഘട്ടങ്ങളിലെല്ലാം അവന്റെ പ്രധാനസവിശേഷത നീണ്ട മണിക്കൂറുകൾ പ്രാർത്ഥനയിലും ധ്യാനത്തിലും ചിലവഴിച്ചിരുന്നു എന്നതാണ്.

## പിയോ അച്ചൻ

ഒരു ദൈവവും, ഒരു ക്രിസ്തുവും, പത്രോസ് ആദ്യമേ സ്ഥാപിച്ച ഒരു മെത്രാസനവും മാത്രമേ ഉള്ളൂ. വേറൊരു ബലിപീഠമോ പൗരോഹിത്യമോ സ്ഥാപിക്കാവുന്നതല്ല. (വിശുദ്ധ സിപ്രിയൻ). പിയോയുടെ ആരോഗ്യനില അത്ര നല്ലതല്ലായിരുന്നു. പല സന്ദർഭങ്ങളിലും അദ്ദേഹം വീട്ടിലേക്കയ്ക്കപ്പെട്ടു. 1909-മെയ്

മാസത്തിൽ രോഗം മൂർച്ഛിച്ചു. ഡോക്ടർമാർക്ക് രോഗമെന്താണെന്ന് കണ്ടെത്താൻ കഴിഞ്ഞില്ല. ക്ഷയരോഗമാണോ എന്ന ഭീതി മേലധികാരികളിലുമുണ്ടായി. അതിനാൽ മറ്റു കുട്ടികളുടെ ആരോഗ്യകാര്യങ്ങൾ കൂടി പരിഗണിച്ച് ഡീക്കൻ വീട്ടിലേക്ക് അയയ്ക്കപ്പെട്ടു. ദൈവത്തിന്റെ പ്രത്യേക ഇടപെടൽ നിമിത്തം 1909-ൽ സഭയിൽ പ്രത്യേകനിയമം വന്നു. ഈ നിയമപ്രകാരം, സ്വകാര്യമായി വൈദികപട്ടത്തിനൊരുങ്ങുവാൻ പിയോയ്ക്ക് അനുമതി കിട്ടി. 1910 ഓഗസ്റ്റ് 10-ാം തിയതി ബെനവെണോ കത്തീഡ്രലിൽവച്ച് പുരോഹിതനായി അഭിഷിക്തനായി. അതിനുശേഷം അദ്ദേഹം പാദ്രെ പിയോ (പിയോ അച്ചൻ) എന്നറിയപ്പെടാൻ തുടങ്ങി. പാദ്രെ പിയോയുടെ ആരോഗ്യനില മോശമായിക്കൊണ്ടിരുന്നു. ശക്തമായ നെഞ്ചുവേദനയും, തലവേദനയും, വാതവും പനിയും, കൂടെക്കൂടെ അദ്ദേഹത്തെ അലട്ടി. ഈ രോഗത്തിന്റെ നടുവിലും പ്രാർത്ഥനയ്ക്കും, ധ്യാനത്തിനും, പഠനത്തിനും കുറവൊന്നും വരുത്തിയില്ല. ക്രിസ്തുവിനെ അനുഗമിക്കുക അവനോടുകൂടി സഹിക്കുക എന്നത് മാത്രമായിരുന്നു ഈ പുരോഹിന്റെ ആഗ്രഹം.

## ശരീരത്തിലെ മുദ്രകൾ

1911 ൽ പാദ്രെ പിയോ സ്വന്തം കൈപ്പടിയിൽ ബനഡിക്ടച്ചന് എഴുതിയ ഒരു കത്തിൽ ഇപ്രകാരം കാണുന്നു 'എനിക്ക് മനസ്സിലാക്കാനോ, വിവരിക്കാനോ കഴിയാത്ത ഒരു സംഭവം ഇന്നലെ വൈകുന്നേരം ഉണ്ടായി. എന്റെ കൈപ്പത്തികളുടെ നടുവിലായി ഒരു നാണയത്തോളം വലുപ്പത്തിൽ ഒരു ചുവപ്പുനിറം പ്രത്യക്ഷപ്പെട്ടു. ആ ചുവപ്പുനിറത്തിന്റെ നടുവിൽ തീവ്രമായ വേദനയുണ്ടായിരുന്നു. എന്റെ കാല്പാദത്തിനടിയിൽ പോലും കുറച്ച് വേദന അനുഭവപ്പെടുന്നുണ്ട. ് ഇപ്പോൾ കുറെ നാളുകൾക്ക് ശേഷമാണ് അത് വീണ്ടും അനുഭവപ്പെടുന്നതെങ്കിലും ഈ പ്രതിഭാസം ഒരു വർഷത്തോളമായി പലപ്പോഴായി അനുഭവപ്പെടുന്നു.'

## കാവൽമാലാഖയുടെ സാന്നിധ്യം

പാദ്രെ പിയോക്ക് അസ്വഭാവികമായ എന്തോ സംഭവിക്കുന്നുവെന്ന് ഗുരുവായ അഗസ്റ്റീനോ അച്ചൻ മനസ്സിലാക്കി. അദ്ദേഹം പാദ്രെ പിയോയുമായി കത്തിടപാടുകൾ ആരംഭിച്ചു. പിയോ അച്ചന് ഗ്രീക്കോ ഫ്രഞ്ചോ അറിവില്ലായിരുന്നു. എങ്കിലും ഈ ഭാഷകളിൽ അഗസ്റ്റീനോ അച്ചൻ എഴുതിയ എല്ലാ കത്തുകൾക്കും അതതു ഭാഷയിൽ മറുപടി കൊടുത്തു. ഇതിനെപ്പറ്റി പിയോ അച്ചൻ പറയുന്നത് അദ്ദേഹത്തിന്റെ കാവൽ മാലാഖ ദ്വിഭാഷിയായിവർത്തിച്ചു എന്നാണ് രോഗംമൂലം കൂടെക്കൂടെ അവധിയെടുത്തത് അധികാരികളുടെ നീരസത്തിന് ഇടയാക്കി. അതിനാൽ കൂടുതൽ ജോലികൾ അദ്ദേഹത്തിന് നൽകപ്പെട്ടു. ഈ തീരുമാനം പിയോയുടെ ആരോഗ്യനില കൂടുതൽ മോശമാകുന്നതിനേ ഉപകരിച്ചുള്ളു. ഈ അവസ്ഥയിൽ റോം ഈ പ്രശ്നത്തിൽ ഇടപെട്ടു. കപ്പൂച്ചിൻ സന്യാസവസ്ത്രം ധരിക്കുകയും പ്രവിശ്യാധിപനു കീഴ്പ്പെട്ടു കഴിയുകയും ചെയ്യണമെന്ന നിബന്ധനയിന്മേൽ 1915 ൽ റോം അദ്ദേഹത്തിനു സ്വന്തം വസതിയിൽ താമസിക്കാനുള്ള അനുവാദം നൽകി. നാം അനുകരിക്കേണ്ട ഏറ്റവും വലിയ മാതൃകയാണ് മാതാവ്. -വി. പാദ്രെപിയോ

## പട്ടാളത്തിലേക്ക്

ഒന്നാം ലോകമഹായുദ്ധകാലം. അന്ന് പാദ്രെ പിയോക്ക് ഇരുപത്തെട്ട് വയസ്സ്. 1915 ൽ ഇറ്റലി സഖ്യകക്ഷികളോട് ചേർന്നു. എല്ലാവരും നിർബന്ധിത പട്ടാളസേവനത്തിന് നിയോഗിക്കപ്പെട്ടു. വൈദികരും ഈ നിയമത്തിന് അപവാദമായിരുന്നില്ല. പാദ്രെപിയോ വൈദ്യപരിശീലനം ലഭിച്ച ആളായിരുന്നതിനാൽ നേപ്പിൾസിലെ വൈദ്യശുശ്രൂഷാ സംഘത്തോടൊപ്പം അയയ്ക്കപ്പെട്ടു. ആരോഗ്യനില മോശമായിരുന്നതിനാൽ അവിടെ അധികദിനങ്ങൾ ചെലവഴിക്കാൻ സാധിച്ചില്ല. അങ്ങനെ ഒരു വർഷത്തെ അവധി അദ്ദേഹത്തിനു ലഭിച്ചു. അവധി കഴിഞ്ഞ് വീണ്ടും പട്ടാളത്തിലെത്തി. എന്നാൽ ഇത്തവണയും രോഗംമൂലം ജോലിചെയ്യാൻ സാധിച്ചില്ല എന്നു മാത്രമല്ല, അദ്ദേഹം പട്ടാള ആശുപത്രിയിലേക്കയയ്ക്കപ്പെട്ടു. അവിടെവച്ച് ക്ഷയരോഗം ബാധിച്ചതായി കണ്ടെത്തി. രോഗം മൂലം മരിക്കുമെന്നു കരുതിയ മേലുദ്യോഗസ്ഥർ പാദ്രെപിയോയ്ക്ക് ആറുമാസം കൂടി അവധി നല്കി. ഈ ദിവസങ്ങളിൽ പിയോ അച്ചൻ പട്ടാളക്കാരുടെ ബാരക്കുകളിലാണ് കഴിഞ്ഞത്. പട്ടാളക്കാരുടെ കുത്തഴിഞ്ഞ ജീവിതവും സംസാരവും ഈ പുരോഹിതനെ ഏറെ വേദനിപ്പിച്ചു. അവധി കഴിഞ്ഞ് വീണ്ടും തിരിച്ചെത്തിയെങ്കിലും തുടർന്നുള്ള പരിശോധനയിൽ ബ്രോങ്കൈറ്റിസ് രോഗം കണ്ടതിനാൽ പട്ടാളസേവനത്തിന് യോഗ്യനല്ല എന്ന വിധി വന്നു.

## സഹനത്തിന്റെ ജീവിക്കുന്ന സാന്നിദ്ധ്യം

റൊത്തോന്തോ പർവ്വതഗ്രാമം 1918 ൽ പാദ്രെപിയോ ഗാർഗാനോ പർവ്വതനിരയിലെ കാൽേവാ മലയുടെ അടിവാരത്തിലുള്ള വരപ്രസാദ മാതാവിന്റെ നാമധേയത്തിലുള്ള സന്യാസാശ്രമത്തിൽ സ്ഥിരമായി നിയമിതനായി. സാൻജിയോവാനി റൊത്തോന്തോ എന്നാണ് ആ പർവ്വതഗ്രാമത്തിന്റെ പേര്. ഗ്രാമത്തിൽനിന്നും ആശ്രമം ഏറെ അകലെയായിരുന്നു. തികച്ചും ഒറ്റപ്പെട്ട സ്ഥലം. ഗ്രാമവുമായുള്ള ആശ്രമത്തിന്റെ ബന്ധം ഒരു കഴുതച്ചാൽ മാത്രമായിരുന്നു.

## പഞ്ചക്ഷതങ്ങൾ

വരപ്രസാദ മാതാവിന്റെ കപ്പൂച്ചിൻ ആശ്രമത്തിലെത്തിയ അദ്ദേഹം അധികം താമസിയാതെ നിരന്തരമായ പ്രാർത്ഥനയിലും നീണ്ട ഉപവാസത്തിലും മുഴുകി. 1918 സെപ്റ്റംബർ ഇരുപതാം തിയതി ദിവ്യബലിക്കുശേഷം ക്രൂശിതരൂപത്തിനുമുന്നിൽ പ്രാർത്ഥിക്കുമ്പോൾ പാദ്രെപിയോയുടെ ശരീരത്തിൽ ക്രൂശിതന്റെ ശരീരത്തിലെ അഞ്ച് മുറിവുകളുടെ മുദ്രകൾ ദൃശ്യമായി. ഇത് മറച്ചുവെക്കാനായി പിയോ അച്ചൻ ശ്രമിച്ചുവെങ്കിലും ഈ അവസ്ഥ മനസ്സിലാക്കിയ കപ്പൂച്ചിൻ അധികാരികൾ മുറിവുകളുടെ ഫോട്ടോ എടുത്ത് റോമിനയച്ചു. റോമിൽ നിന്നും മുറിവു പരിശോധിക്കുന്നതിനും ശാസ്ത്രീയവിവരണം നൽകുന്നതിനും മൂന്ന് ഡോക്ടർ അയയ്ക്കപ്പെട്ടു. ഈ സംഘത്തിലെ ആദ്യഡോക്ടർ കത്തോലിക്കനായിരുന്ന ഡോക്ടർ റോമനെല്ലിയായിരുന്നു. അദ്ദേഹം ഒന്നേകാൽ വർഷക്കാലം പാദ്രെപിയോയെ പരിശോധിച്ചു. അഞ്ചുപ്രാവശ്യം പ്രത്യേകപരിശോധനക്ക് പിയോ അച്ചൻ വിധേയനായി. രക്തം ശ്രവിപ്പിക്കുന്നതും വേദനയുള്ളതും എന്നാൽ പഴുപ്പോ നീർവീക്കമോ ഇല്ലാത്തതുമായ മുറിവുകളെ സംബന്ധിച്ച് ഒരു ശാസ്ത്രീയവിശദീകരണം നൽകുവാൻ ഡോ. റോമനെല്ലിക്കു സാധിച്ചില്ല. എന്നാൽ മുറിവു വളരെ ആഴമുള്ളതാണെന്നു അദ്ദേഹം രേഖപ്പെടുത്തി. തുടർന്ന് റോമിൽനിന്നും അജ്ഞേയതാവാദിയായ ഡോക്ടർ ബിഞ്ഞാമി വന്നു. മുറിവുണക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമം പരാജയപ്പെട്ടു. മുറിവു ആഴമുള്ളതല്ല എന്ന് അദ്ദേഹം രേഖപ്പെടുത്തി.തുടർന്ന് ഫെസ്ന എന്ന കത്തോലിക്കാഡോക്ടർ പാദ്രെപിയോയെ പരിശോധിച്ചു. ഡോക്ടർ ഫെസ്നയുടെ വിവരണങ്ങൾ, ഡോക്ടർ ബിഞ്ഞാമിയുടേതിൽ നിന്നും തികച്ചും ഭിന്നമായിരുന്നു. അദ്ദേഹം ഡോക്ടർ റോമനെല്ലിയെയും കൂട്ടി തിരിച്ചെത്തി. അവരുടെ കൂട്ടായ റിപ്പോർട്ട് മുറിവ് ആഴമുള്ളതും നിസ്തുലവും ആണെന്ന് പ്രഖ്യാപിക്കുകയും റോമിന് കൈമാറുകയും ചെയ്തു. പാദ്രെപിയോയുടെ കൈയിലെ മുറിവുകൾക്ക് മുക്കാലിഞ്ചോളം വ്യാസമുണ്ടായിരുന്നു. കാലിലും അങ്ങനെ തന്നെയായിരുന്നു. പാർശ്വത്തിലെ മുറിവ് കുരിശിന്റെ ആകൃതിയോടുകൂടിയതും രണ്ടേമുക്കാലിഞ്ചു നീളമുള്ളതുമായിരുന്നു. ഡോക്ടർമാരുടെ നിഗമനമനുസരിച്ച് ദിവസവും ഒരു കപ്പ് രക്തം ആ ശരീരത്തിൽ നിന്ന് നഷ്ടമാകുമായിരുന്നു. എന്നാൽ ഈ മുറിവുകളിൽ ഒരിക്കലും രോഗബാധ ഉണ്ടാകുമായിരുന്നില്ല. രാത്രിയിൽ അദ്ദേഹം കൈയ്യുറ ധരിച്ചിരുന്നു. രാവിലെ എഴുന്നേൽക്കുമ്പോൾ അത് രക്തത്താൽ നിറഞ്ഞിരുന്നു. തന്റെ നെഞ്ചിൽ ചുറ്റിയിരുന്ന തുണി ദിവസവും രണ്ട് പ്രാവശ്യമെങ്കിലും മാറേണ്ട അവസ്ഥയായിരുന്നു. ഈ കാഘട്ടത്തിൽ അദ്ദേഹം ഹെർണിയായ്ക്കും, രണ്ടു വർഷത്തിനു ശേഷം ഒരു മുഴ നീക്കം ചെയ്യുന്നതിനായി രണ്ടു തവണ ശസ്ത്രക്രിയയ്ക്കും വിധേയനായി. എന്നാൽ ആ മുറിവുകൾ സാധാരണപോലെ ഉണങ്ങിയിരുന്നു. നാളുകൾ കഴിഞ്ഞു പാദ്രെപിയോ പലരാലും അവഗണിക്കപ്പെട്ടു. കാലുകൾ നീര് വന്നു വീർത്തു. ചില സുഹൃത്തുക്കൾ തുണികൊണ്ടുണ്ടാക്കിയ ചെരിപ്പ് അദ്ദേഹത്തിന് അയച്ചു കൊടുത്തു. അതു ധരിച്ച് അദ്ദേഹം മുടന്തി നീങ്ങി. കൈയ്യിൽ ഒരു തുണി കെട്ടാൻപോലും മുറിവ് അദ്ദേഹത്തെ അപ്രാപ്തനാക്കി.

## മനശാന്തിക്കായി അലയുന്നവരുടെ വൈദികൻ

ഈ പഞ്ചക്ഷതങ്ങൾക്കുശേഷം അദ്ദേഹത്തെ പരിശോധിച്ച ഡോക്ടർമാരിലാർക്കും ക്ഷയരോഗം കണ്ടെത്താൻ കഴിഞ്ഞില്ല. ശരീരത്തിൽ ക്രൂശിതന്റെ അടയാളം സ്വീകരിച്ച സമയത്ത് ക്ഷയരോഗത്തിൽനിന്നും വിമുക്തനായി എന്നു വേണം ഇതിൽ നിന്ന് അനുമാനിക്കാൻ.

## കുർബ്ബാനയ്ക്കുള്ള ഒരുക്കം

പാദ്രെപിയോയുടെ ദിവസത്തിന്റെ ഉന്നതശൈലം ദിവ്യബലിയായിരുന്നു. എല്ലാ ദിവസവും രാവിലെ അഞ്ചു മണിക്ക് ദിവ്യബലിയർപ്പിക്കും. രാത്രി രണ്ടുമണിക്കെഴുന്നേറ്റ് രണ്ടു മണിക്കൂർ അതിനായി ഒരുങ്ങും. മുറിയിലിരുന്ന് ജപമാല ചൊല്ലിയതിനുശേഷം സങ്കീർത്തിയിൽ ചെന്ന് പ്രാർത്ഥന തുടരും. 4.45 ന് കപ്യാർ പള്ളിതുറക്കുമ്പോൾ അൾത്താരയുടെ ഏറ്റവും അടുത്ത് നിൽക്കുന്നതിനുവേണ്ടി ജനം പള്ളിക്കകത്തേയ്ക്ക് ഇടിച്ചു കയറുമായിരുന്നു. തലേദിവസം തന്നെ ദൂരദേശങ്ങളിൽ നിന്ന്, ജനം വന്ന്

രാത്രിയിൽ സത്രങ്ങളിൽ മുറിയെടുത്ത് താമസിക്കും. കുർബ്ബാനസമയം മൂന്ന് മണിക്കൂർ വരെ നീണ്ടുപോകുമായിരുന്നു. പിന്നീട് അധികാരികൾ കുർബ്ബാനസമയം ഒന്നര മണിക്കൂറായി ചുരുക്കാൻ നിർദ്ദേശിച്ചു. കുർബ്ബാനയുടെ ചില ഘട്ടങ്ങളിൽ ഈ പുരോഹിതൻ നീണ്ട മൗനത്തിൽ മുഴുകും. ഈ സന്ദർഭത്തിലും ജനം ഭക്തിപൂർവ്വം കുർബ്ബാനയിൽ സംബന്ധിക്കുമായിരുന്നു. സഭാധികാരികൾ ശരീരത്തിലെ മുറിവ് മറ്റാരെയും കാണിക്കരുതെന്ന് വിലക്കിയിരുന്നു. കുർബ്ബാന അർപ്പിക്കുമ്പോഴൊഴികെ വിരലുകളില്ലാത്ത കൈയ്യുറയാണ് അദ്ദേഹം ധരിച്ചിരുന്നത് "സഹോദരരേ എന്റെയും നിങ്ങളുടെയും ബലി..."എന്ന പ്രാർത്ഥനയ്ക്കായി കരങ്ങൾ വിരിച്ച് പിടിക്കുമ്പോൾ മാത്രമാണ് ജനങ്ങൾ അദ്ദേഹത്തിന്റെ കൈകളിലെ മുറിവുകൾ വ്യക്തമായി കണ്ടിരുന്നത്. വി. കുർബ്ബാനയിലെ സ്ഥാപന വചനങ്ങൾക്ക് തൊട്ടുമുമ്പ് അദ്ദേഹം പലപ്പോഴും കരഞ്ഞിരുന്നു. കർത്താവേ... ഞാൻ യോഗ്യനല്ല... എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ പലപ്പോഴും നെഞ്ചത്തടിച്ച് വിലപിക്കുമായിരുന്നു. "ദിവ്യബലിയിൽ യേശുവിനോടൊപ്പമായിരിക്കുവാൻ ഞാൻ നന്നേ ക്ലേശിച്ചിരുന്നു. കുർബ്ബാനയ്ക്കു ശേഷം ഞാൻ അവിടുത്തോടു ചേർന്നുനിന്നുകൊണ്ട് നന്ദിയുടെ പ്രകരണങ്ങൾ ചൊരിയും. അതെത്ര മാധുര്യകരമായിരുന്നെന്ന് പറഞ്ഞറിയിക്കാനാവില്ല. ആ നിമിഷങ്ങളുടെ വിശുദ്ധിയും ഗഹനതയും വർണ്ണിക്കാൻ ഭാഷ അപര്യാപ്തമാണ്. അവയിലൊന്നാണ് യേശുവിന്റെ ഹൃദയവും എന്റെ ഹൃദയവും തമ്മിലുള്ള ബന്ധം. ഒരുതുള്ളി ജലം മഹാസമുദ്രത്തിൽ വീണ് അപ്രത്യക്ഷമാകുന്നതുപോലെ എന്റെ ഹൃദയം അവിടുത്തെ ഹൃദയമാകുന്ന മഹാസമുദ്രത്തിൽ വീണ് അലിഞ്ഞില്ലാതാകുന്നു."...വി. പാദ്രെപിയോ.

## കുമ്പസാരക്കൂട്ടിലെ രക്തസാക്ഷി

പാപം ചെയ്യാൻ അവിടുന്ന് ആരോടും കല്പിച്ചിട്ടില്ല. ആർക്കും അനുവാദം കൊടുത്തിട്ടുമില്ല (പ്രഭാ 15:20). പിയോ അച്ചൻ ദിവസം പതിനാറ് മണിക്കൂറുകളോളം കുമ്പസാരക്കൂട്ടിൽ കുമ്പസാരം കേട്ടിരുന്നു. പലപ്പോഴും രണ്ടാഴ്ച മുമ്പുതന്നെ കുമ്പസാരിക്കാനുള്ളവർ ഒരുങ്ങി തങ്ങളുടെ ഊഴത്തിനായി കാത്തു നിൽക്കണമായിരുന്നു. പല അവസരങ്ങളിലും കുമ്പസാരത്തിനെത്തിയവർ മറന്നുപോയ പാപങ്ങൾ പാദ്രെ പിയോ അവരെ ഓർമ്മിപ്പിച്ചിരുന്നു. കാപട്യവും വക്രതയുമായി വരുന്നവരോട് അദ്ദേഹം കോപിക്കുകയും, അവരെ തിരിച്ചയയ്ക്കുകയും ചെയ്തു. എങ്കിലും ആ കുമ്പസാരക്കൂട്ടിൽ എന്നും നല്ല തിരക്കായിരുന്നു.

## ഇരുസ്ഥല സാന്നിദ്ധ്യം

'ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല' (ലൂക്കാ 1:37). പല വിശുദ്ധരും ഒരേസമയം പല സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ടതായി നാം വായിച്ചിട്ടുണ്ട്. ഈ ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾത്തന്നെ പാദുവായിലെ വിശുദ്ധ അന്തോണിസും, വിശുദ്ധ മാർട്ടിൻ ഡി പോറസ്സുമൊക്കെ പലർക്കും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പാദ്രെ പിയോക്കും ഈ വരം ഉണ്ടായിരുന്നതായി പലരും സാക്ഷ്യപ്പെടുത്തുന്നു. റോം, ബോസ്റ്റൺ, തെക്കേ അമേരിക്ക ഉടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹത്തെ കണ്ടുമുട്ടിയവരുമുണ്ട്. മരണനേരത്ത് സഹായത്തിനും, ഡോക്ടർമാർ ഉപേക്ഷിച്ച രോഗികൾക്ക് സൗഖ്യം നൽകുന്നതിനുംവേണ്ടിയാണ് ഈ വരം അദ്ദേഹം ഉപയോഗിച്ചിരുന്നത്. ഓർത്തിരിക്കുന്ന എല്ലാ പാപങ്ങളും ഉത്തമമനസ്താപത്തോടെ ഏറ്റുപറഞ്ഞ് കുമ്പസാരിച്ചാൽ കാരുണ്യവാനായ ദൈവം നമ്മുടെ എല്ലാ പാപങ്ങളും ക്ഷമിക്കും. നമ്മൾ മറന്നുപോയ പാപങ്ങളും അവിടുന്ന് ക്ഷമിക്കും.
വി. പാദ്രെ പിയോ.

## പഞ്ചക്ഷതധാരിയായ ആദ്യത്തെ വൈദികൻ

ഒരു മാനസാന്തരം പ്രസിദ്ധനായ ഒരു അഭിഭാഷകനായിരുന്നു അറ്റോർണി ഫെസ്താ. ഇദ്ദേഹം മേസണറി എന്നറിയപ്പെടുന്ന സഭാവിദ്വേഷകസംഘത്തിന്റെ തലവനായിരുന്നു. പാദ്രെ പിയോയെക്കുറിച്ച് അദ്ദേഹം കേട്ടിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ കഴിവുകളിൽ വിശ്വസിച്ചിരുന്നില്ല. ഒരിക്കൽ അറ്റോർണി ഫെസ്ത്താ പാദ്രെ പിയോയെ സന്ദർശിച്ചു. പാദ്രെ പിയോ ചോദിച്ചു 'താങ്കൾ മേയ്സൺ സംഘത്തിലെ അംഗമല്ലേ? താങ്കൾ എന്ത് ജോലിയാണ് അവിടെ നിർവ്വഹിക്കുന്നത്? ഫെസ്ത്താ പറഞ്ഞു."രാഷ്ട്രീയ കാര്യങ്ങളിൽ സഭയെ എതിർക്കുക.' പാദ്രെപിയോയ്ക്ക് ആ മനുഷ്യനോട് പ്രത്യേക സഹതാപം തോന്നി. അദ്ദേഹം വക്കീലിനെ അടുത്തുവിളിച്ച് ധൂർത്തപുത്രന്റെ ഉപമയും, ദൈവത്തിന്റെ കാരുണ്യത്തെപറ്റിയും വിവരി ച്ചു കൊടുത്തു... അയാൾക്ക് മാനസാന്തരം ഉണ്ടായി. അദ്ദേഹം പാദ്രെപിയോയുടെ അടുക്കൽ പാപസങ്കീർത്തനം നടത്തി. മേസണറിയുടെ അംഗത്വചിഹ്നം ഫെസ്ത്താ വലിച്ചെറിഞ്ഞു. നാളുകൾക്കു

ശേഷം ഫെസ്റ്റ്താ ബെനഡിക്റ്റ് പതിനഞ്ചാമൻ മാർപാപ്പയെ സന്ദർശിച്ചു. ഈ അവസരത്തിൽ മാർപാപ്പ അദ്ദേഹത്തോട് പറഞ്ഞു: പാദ്രെപിയോ തീർച്ചയായും ദൈവത്തിന്റെ മനുഷ്യനാണ്. അദ്ദേഹത്തെക്കുറിച്ച് ലോകത്തെ അറിയിക്കാനുള്ള ശ്രമം നിങ്ങൾ ഏറ്റെടുക്കണം. വക്കീൽ അത് സന്തോഷത്തോടെ ഏറ്റെടുത്തു. പിന്നീട് പാദ്രെപിയോയുടെ ജീവിതവും അത്ഭുത പ്രവർത്തനങ്ങളും അനേകം പേരെ ജീവന്റെ പാതയിലേക്ക് നയിച്ചു. അങ്ങനെ അദ്ദേഹം സഭയുടെ ഒരു ഉത്തമസന്താനമായി മാറി.

## vi. പാദ്രെപിയോ - ജീവിക്കുന്ന ജപമാല

മരിയഭക്തൻ. 'കർത്താവിനെ അനുസരിക്കുന്നവൻ തന്റെ അമ്മയെ സന്തോഷിപ്പിക്കുന്നു (പ്രഭാഷകൻ -3:6). പാദ്രെ പിയോയുടെ അമ്മ കർമ്മലമാതാവിന്റെ ഒരു ഭക്തയായിരുന്നു. കുഞ്ഞുനാൾ മുതൽ ആ ചൈതന്യം പാദ്രെപിയോക്കും കിട്ടിയിരുന്നു. യുവാവായിരിക്കെ കപ്പൂച്ചിൻ നൊവിഷ്യറ്റിലേക്കു പോകാൻനേരം അമ്മ സമ്മാനിച്ചത് ഒരു ജപമാലയായിരുന്നു. തുടർന്നിങ്ങോട്ടുള്ള ജീവിതത്തിൽ ജപമാല മുടക്കിയിട്ടില്ല. ആശ്രമത്തിലും ഹാളിലും ദേവാലയത്തിലും കുമ്പസാരക്കൂട്ടിലേക്ക് പോകുമ്പോഴും, വരുമ്പോഴും കയ്യിൽ ജപമാലയുമായിട്ടാണ് അദ്ദേഹത്തെ കാണാൻ സാധിച്ചിരുന്നത്. മാതാവ് പലപ്പോഴും അദ്ദേഹത്തിന് പ്രത്യക്ഷപ്പെട്ടിരുന്നു. മാതാവിന്റെ തിരുസ്വരൂപത്തിന് മുന്നിലൂടെ കടന്നു പോകേണ്ട അവസരങ്ങളിലെല്ലാം അല്പസമയം അവിടെയിരുന്ന് പ്രാർത്ഥിക്കുമായിരുന്നു. നാല്പതോളം ജപമാല അനുദിനം ഈ വൈദികൻ ചൊല്ലുമായിരുന്നു. (ഇവയിൽ പലതും ലഘൂകരിച്ച പ്രകരണങ്ങളായിരിക്കണം) ഭക്ഷണത്തിന്റെ മുമ്പിലിരുന്ന് ഒരു മുഴുവൻ കൊന്ത ഭക്തിയോടെ ചൊല്ലിയതിനുശേഷമേ അദ്ദേഹം അത് രുചിക്കുകപോലും ചെയ്തിരുന്നുള്ളൂ. ഓരോ പ്രഭാതവും ജപമാലയോടുകൂടിയാണ് അദ്ദേഹം ആരംഭിച്ചത്. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടി എല്ലാ ദിവസവും ഒരു ജപമാലയെങ്കിലും ചൊല്ലി കാഴ്ചവെയ്ക്കണമെന്ന് ജനത്തോട് അദ്ദേഹം നിഷ്ക്കർച്ചിരുന്നു.

## അന്തിമ ദിനങ്ങൾ

എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്, ശാരീരികമായി ഇനിയും ഞാൻ ജീവിക്കുകയാണെങ്കിൽ ഫലപ്രദമായി ജോലി ചെയ്യാൻ സാധിക്കും. (ഫിലിപ്പി 1:22-23). രാത്രിയിൽ ഏതാണ്ട് മൂന്നുമണിക്കൂർ ഉറക്കമേ അദ്ദേഹത്തിന് ഉണ്ടായിരുന്നുള്ളൂ. നിത്യേന ഒരു കുഞ്ഞിന് വേണ്ടത്ര ഊർജ്ജത്തിനുള്ള ഭക്ഷണം മാത്രമാണ് കഴിച്ചിരുന്നത്. എങ്കിലും ഉന്മേഷം കുറയുകയോ തളർച്ച ബാധിക്കുകയോ ചെയ്തിരുന്നില്ല. പ്രാർത്ഥിച്ച്... പ്രാർത്ഥിച്ച്... പ്രാർത്ഥനയായി...മരണം വിദൂരമല്ലെന്നോർക്കുക. പാതാളത്തിൽ പ്രവേശിക്കേണ്ട സമയം നിനക്കജ്ഞാതമാണ്. മരിക്കുന്നതിനു മുമ്പ് സ്നേഹിതനു നന്മ ചെയ്യുക. (പ്രഭാ. 14:12-13). 1968 സെപ്റ്റംബർ ഇരുപത്, സാൻജിയോവാനി റൊത്തോന്തോയിൽ ഒരു വലിയ ജനസഞ്ചയം ഒരുമിച്ചുകൂടി. അന്നു പിയോ അച്ചൻ പഞ്ചക്ഷതം സ്വീകരിച്ചതിന്റെ അമ്പതാം വാർഷികദിനമായിരുന്നു. അന്ന് ഈ പുരോഹിതന്റെ പ്രായം എൺപത്തൊന്ന് വയസ്സ്. മരണത്തിന്റെ വക്കോളമെത്തിയിരുന്നെങ്കിലും അന്നത്തെ ബലിയിലും ആരാധനയിലും സംബന്ധിച്ചു. അപ്പോഴേക്കും ശാരീരികമായി വളരെ ക്ഷീണിച്ചിരുന്നു. സെപ്റ്റംബർ 22-ാം തിയതി കുർബ്ബാന അർപ്പിച്ചെങ്കിലും കുർബ്ബാനയുടെ അന്ത്യത്തിൽ കുഴഞ്ഞു വീണു. പിറ്റേന്ന് പുലർച്ചെക്ക് 2.30 ന് കുമ്പസാരിച്ച് വ്രതവാഗ്ദാനം നവീകരിച്ചു. സെപ്റ്റംബർ 23-ാം തിയ്യതി ഈശോയുടെയും മാതാവിന്റെയും നാമം ഉച്ചരിച്ചുകൊണ്ട് പാദ്രെപിയോ ഇഹലോകവാസം വെടിഞ്ഞു. അൻപത്തെട്ടു വർഷത്തെ പൗരോഹിത്യജീവിതത്തിന്റെ കാൽവരി അവിടെ പൂർത്തിയായി. പ്രാർത്ഥിച്ച്, പ്രാർത്ഥിച്ച്, പ്രാർത്ഥനയായി മാറി ആ ജീവിതം.

## മൃതസംസ്ക്കാര ശുശ്രൂഷ

മരണവാർത്ത കാട്ടുതീപോലെ പടർന്നു. പരിശുദ്ധ സിംഹാസനമടക്കം ഈ ദുഃഖത്തിൽ പങ്കുചേർന്നു. ജനസഹ്രസങ്ങൾ ഓടിക്കൂടി. സെപ്റ്റംബർ 26 വരെ ശരീരം ദേവാലയത്തിൽ സൂക്ഷിച്ചു. ഇരുപത്താറാം തീയതിയിലെ വിലാപയാത്രയിൽ ഏകദേശം ഒരു ലക്ഷത്തോളംപേർ പങ്കെടുത്തു. രണ്ടു മെത്രാന്മാരും ഇരുപത്തേഴ കപ്പൂച്ചിൻ വൈദികരും ചേർന്ന് പുറത്തു പ്രത്യേകം സജ്ജമാക്കിയ പന്തലിൽ ബലിയർപ്പിച്ചു. രാത്രി 10.30 ന് പുണ്യദേഹം കല്ലറയിൽ വച്ചു. പിറ്റേന്ന് പൊതുദർശത്തിനുവേണ്ടി കല്ലറ തുറന്നു. കത്തിച്ച തിരികളും, പൂക്കളുമായി അന്നാരംഭിച്ച ജനാവലിയുടെ നീണ്ട നിര ഇന്നും തുടരുന്നു. ആയിരങ്ങൾ ആ കല്ലറയിൽ പ്രാർത്ഥിക്കുന്നു.

## ഡോ. സൊലയുടെ ഓർമ്മക്കുറിപ്പ്

അന്ത്യസമയത്ത് ആശുപത്രിയിലെ മറ്റ് ഡോക്ടർമാർക്ക് ഒപ്പമുണ്ടായിരുന്ന ആളാണ് ഡോക്ടർ സാല.

അദ്ദേഹം പിയോ അച്ചന്റെ സ്വകാര്യ ഡോക്ടർകൂടിയായിരുന്നു. ഡോക്ടറുടെ ഓർമ്മക്കുറുപ്പുകളിൽ നിന്ന്...മരണത്തിന് പത്തുമിനിട്ടിനു ശേഷം എന്റെയും നാല് സന്യാസിമാരുടെയും സാന്നിധ്യത്തിൽ കൈകളും പാദങ്ങളും പാർശ്വവും ക്യാമറയിൽ പകർത്തി. അവിടെ ആ മുറിവിന്റെ അടയാളം ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല, ആ ഭാഗത്ത് ഒരു കല പോലും ഇല്ലായിരുന്നു. പ്രസ്തുത ഭാഗത്തെ തൊലി മറ്റു ഭഗങ്ങളെപ്പോലെ മൃദുവായിരുന്നു... ഈ കാര്യങ്ങൾ വൈദ്യശാസ്ത്രത്തിന്റെ പിടിയിൽ ഒതുങ്ങുന്നതായിരുന്നില്ല. അതിനാൽ അതിസ്വാഭാവികതയുടെ തലത്തിൽ ഇത് കാണേണ്ടതാണ്. ബലഹീനരെ നേടേണ്ടതിന് ഞാൻ അവർക്ക് ബലഹീനനായി. എല്ലാ പ്രകാരത്തിലും കുറേപ്പേരെ രക്ഷിക്കേണ്ടതിന് ഞാൻ എല്ലാവർക്കും എല്ലാമായി (കൊറി 9:22)

### നാമകരണനടപടികൾ

പാദ്രെപിയോ മരിച്ച് 14 മാസങ്ങൾ കഴിഞ്ഞപ്പോൾ നാമകരണ നടപടികൾ ആരംഭിച്ചു. എന്നാൽ നാമകരണനടപടികൾക്ക് വലിയ പുരോഗതി ഉണ്ടായില്ല. ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ കാലത്താണ് ഇതിനുള്ള കൂടുതൽ ശ്രമങ്ങൾ നടന്നത്. ജോൺപോൾ രണ്ടാമൻ മാർപാപ്പ യുവവൈദികനായി റോമിൽ തിയോളജി പഠിപ്പിക്കുന്ന കാലത്ത് (കരോൾ വോയ്റ്റില) തന്റെ അവധിക്കാല പര്യടനത്തിനിടയിൽ സാൻജിയോവാനിലെത്തി പാദ്രപിയോയെ സന്ദർശിച്ചിരുന്നു. അവർ തമ്മിൽ കുറേനേരം സംസാരിക്കുകയും പാപസങ്കീർത്തനം നടത്തുകയും ചെയ്തിരുന്നു. കരോൾ വോയ്റ്റില മാർപാപ്പയാകുമെന്ന് പാദ്രപിയോ അന്ന് പ്രവചിച്ചിരുന്നു.

### വാഴ്ത്തപ്പെട്ട പാദ്രെപിയോ

1999 മെയ് 2-ാം തീയതി ഞായറാഴ്ച മൂന്നുലക്ഷത്തോളം ജനങ്ങൾ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഒരുമിച്ചുചേർന്നു. അന്ന് പാദ്രെ പിയോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുകയാണ്. അന്നേ ദിവസം വിശുദ്ധ കുർബ്ബാനയുടെ മദ്ധ്യേ ജോൺപോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

### അത്ഭുത രോഗശാന്തി

വാഴ്ത്തപ്പെട്ട പാദ്രെപിയോയുടെ മദ്ധ്യസ്ഥതയിൽ അനേകം അത്ഭുതങ്ങൾ സംഭവിച്ചു. പാദ്രെപിയോ സ്ഥാപിച്ച ദുരിതാശ്വാസഭവനത്തിലെ ഒരു ഡോക്ടറുടെ പുത്രന് മെനിഞ്ചൈറ്റിസ് എന്ന രോഗം ബാധിച്ചു. വൈദ്യശാസ്ത്രത്തിന് കുഞ്ഞിനെ രക്ഷിക്കാനായില്ല. കുട്ടി അബോധാവസ്ഥയിലായി. മരണം ഉറപ്പാക്കപ്പെട്ടു. ഈ സമയത്ത് ഡോക്ടർ നിരാശനായില്ല. അദ്ദേഹം പാദ്രെപിയോയുടെ മാധ്യസ്ഥം മകനുവേണ്ടി അപേക്ഷിച്ചു. കുഞ്ഞിന് അത്ഭുതകരമായ രോഗശാന്തി ലഭിച്ചു. ഈ കുട്ടി ഒരിക്കലും രക്ഷപ്പെടില്ലെന്ന് വിധിയെഴുതിയ ഡോക്ടർമാർ, അവൻ പൂർണ്ണസൗഖ്യം നേടിയിരിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തി. ഈ അത്ഭുതരോഗശാന്തി പാദ്രെപിയോയെ വിശുദ്ധനായി പ്രഖ്യാപിക്കാനുള്ള അംഗീകാരമായി അധികൃതർ കണക്കാക്കി.

### വിശുദ്ധപദവിലേക്ക്

2002 ജൂൺ 16, നാല് ലക്ഷത്തോളം ആളുകൾ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ സമ്മേളിച്ചു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഉള്ള കോടികണക്കിനാളുകൾ ടി.വിയുടെ മുമ്പിൽ ആകാംഷയോടെ കാത്തുനിന്നു. തിരുക്കർമ്മങ്ങൾ ആരംഭിച്ചു. പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ അൾത്താരയിലെത്തി. വാഴ്ത്തപ്പെട്ട പാദ്രെപിയോയെ വിശുദ്ധനായി പ്രഖ്യാപിക്കാൻ പോവുയാണ്. കുർബ്ബാനമധ്യേ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെ പ്രഖ്യാപിച്ചു."വിശുദ്ധരുടെ പട്ടികയിൽ വാഴ്ത്തപ്പെട്ട പാദ്രെപിയോയുടെ പേരുകൂടി നാം എഴുതിച്ചേർക്കുന്നു. ലോകമെമ്പാടുമുള്ള സഭാ സമൂഹം പാദ്രപിയോയെ വിശുദ്ധനായിട്ട് കണക്കാക്കുകയും ഭക്തിപൂർവ്വം വണങ്ങേണ്ടതുമാണ്." ഈ പ്രഖ്യാപനം കേട്ട് ജനം ദൈവത്തെ സ്തുതിച്ച് കൈയ്യടിച്ചു. പിയെത്രൾചിനായിലും വലിയ ആഘോഷങ്ങൾ നടന്നു. വിശുദ്ധ പാദ്രെപിയോയുടെ മരണശേഷമുള്ള 12237 ദിനരാത്രങ്ങളെ അനുസ്മരിക്കുന്നതിന്, നിറപകിട്ടാർന്ന 12237 ബലൂണുകൾ പിയെത്രൾചിനായിൽ നിന്ന് അവർ ആകാശത്തിലേയ്ക്ക് ഉയർത്തി. ക്ലദാശകളിൽ ആഴപ്പെട്ട ജീവിതം നയിക്കുവാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

### സഭയിലെ ധീരപടനായകൻ

പഞ്ചക്ഷതധാരിയായ വിശുദ്ധ പാദ്രെപിയോ രണ്ടാം ഫ്രാൻസിസ് അസ്സീസി, സഹനത്തിന്റെ ജീവിക്കുന്ന സാന്നിദ്ധ്യം, കുമ്പസാരക്കൂട്ടിലെ രക്തസാക്ഷി, പ്രായശ്ചിത്തത്തിന്റെ രക്തസാക്ഷി, പാപസങ്കീർത്തനത്തിന്റെ വിശുദ്ധൻ, ജീവിക്കുന്ന ജപമാല എന്നീ പേരുകളിൽ അറിയപ്പെടുന്നുണ്ട്. അദ്ദേഹം ഒരു മിസ്റ്റിക്കായിരുന്നു. അദ്ദേഹത്തിന്റെ ഒരു ദിവസത്തെ ഉത്തംഗ ശൃഗമായിരുന്നു ദിവ്യബലി. മാത്രമല്ല ജപമാല ഭക്തിയുടെ ഒരു പ്രയോക്താവും. സഭയിലെ കൂദാശകളെ മുറുകെപ്പിടിച്ച് അതിന്റെ ശക്തി സ്വയം മനസ്സിലാക്കിയും മറ്റുള്ളവർക്ക് പകർന്നു കൊടുത്തും ജീവിച്ച സഭയിലെ ധീര പടനായകനാണ് വിശുദ്ധ പാദ്രെപിയോ.

വിശുദ്ധ പാദ്രെപിയോ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...